## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.964** | **09.08.2017-ൽ മറുപടിക്ക്**

### ആവാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, സണ്ണി ജോസഫ്<br>,, വി.പി.സജീന്ദ്രൻ<br>,, റോജി എം. ജോൺ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി 'ആവാസ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഇതര സംസ്ഥാന തൊഴിലാളികളെ ഇൻഷ്വർ ചെയ്തുവെന്നും എത്രപേർക്ക് ആനുകൂല്യം നൽകിയെന്നും വ്യക്തമാക്കാമോ ? | (എ) യും (ബി) യും ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 'ആവാസ്' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം അംഗങ്ങൾക്ക് 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ കൂടി ഉറപ്പ് വരുത്തുന്നുണ്ട്. വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് നൽകുന്നത്. ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡിൽ സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ ആർ കോഡ് എന്നിവ ഉണ്ടായിരിക്കും. 'ആവാസ്' പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ |

സുരക്ഷിതത്വം ഉറപ്പ വരുത്താനും അതോടൊപ്പം വ്യക്തിഗത വിവരശേഖരണം നടത്തി ഒരു ഡേറ്റാബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും കഴിയും. ആവാസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ ഡിസൈൻ, തിരിച്ചറിയൽ കാർഡ് നിർമ്മാണം, പ്രിന്റിംഗ്, വിതരണം, AMC എന്നിവയ്ക്കായി സിസ്റ്റം ഇന്റഗ്രേറ്ററായി ഇ-ടെണ്ടറിംഗ് മുഖേന "സ്മാർട്ട് ഐ.റ്റി. സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, കൊൽക്കത്ത" എന്ന ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. ആവാസ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തുടർ നിർദ്ദേശം നൽകുന്നതിനും പദ്ധതിയുടെ പുരോഗതി മോണിറ്ററിംഗ് ചെയ്യുന്നതിനുമായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കൽ, പ്രോജക്റ്റ് മോണിറ്ററിംഗ് സെൽ രൂപീകരണം തുടങ്ങിയവ സർക്കാർ പരിഗണനയിലാണ് 'ആവാസ്' പദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് കാർഡ് നൽകുന്ന മുറയ്ക്ക് മാത്രമേ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ. എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിച്ച് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.